# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

## ആഫീസ് നടപടിക്രമം.

വിഷയം: ആ.വ.ഡ - ജീവനക്കാര്യം- സർക്കാർ നേഴ്സിംഗ് സ്കൂളുകളിലും ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സ് പരിശീലന കേന്ദ്രങ്ങളിലും നിലവിലുളളതും ഭാവിയിൽ ഉണ്ടാകുവാൻ പോകുന്നതുമായ നേഴ്സിംഗ് ട്യൂട്ടർ തസ്തികയിലെ ഒഴിവുകളിലേക്ക് തസ്തികമാറ്റം മുഖേന (ബൈ ട്രാൻസ്ഫർ) നിയമനത്തിന് യോഗ്യരായ ഹെഡ് നേഴ്സ്/ സ്റ്റാഫ് നേഴ്സ് ഗ്രേഡ് 1/സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2 തസ്തികയിലുള്ള ജീവനക്കാരുടെ അന്തിമ മുൻഗണനാ പട്ടിക അംഗീകരിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 14.03.2007 ലെ ഒ.പി 32790/ 2000-ാം നംപർ കേസിലെ വിധിന്യായം.

2.നഴ്സിംഗ് സ്കൂളുകളിലെ പ്രിൻസിപ്പാൾ, വൈസ് പ്രിൻസിപ്പാൾ, നേഴ്സിംഗ് ട്യൂട്ടർ തസ്തികകൾക്ക് വിദ്യഭ്യാസ യോഗ്യത സംബന്ധിച്ച് ഇൻഡ്യൻ നഴ്സിംഗ് കൗൺസിൽ 27.03.1985-ൽ പുറപ്പെടുവിച്ച സർക്കുലർ.

3.ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 04.11.2011 ലെ ഡബ്ളിയു.പി.(സി) 27554/2010 കേസിലെ വിധിന്യായം.

4.ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 11.06.2012 ലെ ഒ.എ -454/2012 കേസിലെ വിധിന്യായം

5.ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 07.08.2015 ലെ എസ്.എൽ.പി(സി) 13761/2015 കേസിലെ വിധിന്യായം.

6.സർക്കാർ ഉത്തരവ് നംപർ(പി) 118/2010/ആ.കു.വ, തീയതി 18.03.2010.

7.സർക്കാർ കത്ത് നംപർ.1065/സി2/2011/ആ.കു.വ തീയതി 09.05 2011.

8.ഉത്തരവ് നംപർ. ഇ.ഇ2-38607/2010/ആ.വ.ഡ, തീയതി 01.12.2015.

**ഉത്തരവ് നംപർ- ഇഇ 2 -38607/2010/ആ.വ.ഡ തീയതി 22.01.2016.**

ആരോഗ്യ വകുപ്പ് ഡയറക്ട്രേറ്റിന്റെ കീഴിലുള്ള നഴ്സിംഗ് സ്കൂളുകളിലെയും ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് പരിശീലന കേന്ദ്രങ്ങളിലെയും നഴ്സിംഗ് ട്യൂട്ടർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം മുഖേന (By Transfer) യുള്ള നിയമനത്തിന് യോഗ്യരായ ഹെഡ് നേഴ്സ്/ സ്റ്റാഫ് നേഴ്സ് ഗ്രേഡ് 1/സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2 തസ്തികയിലുള്ള ജീവനക്കാരുടെ താല്കാലിക മുൻഗണനാ പട്ടിക പരാമർശം ഒന്നു മുതൽ 7 വരെയുള്ളതിന്റെ അടിസ്ഥാനത്തിൽ പരാമർശം 8 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ഇത് സംബന്ധിച്ച് ലഭ്യമായ അപ്പീലുകളും പുതിയ അപേക്ഷകളും വിശദമായി പരിശോധിച്ചു. അപ്പീലുകളിൽമേൽ അർഹതയുടെ അടിസ്ഥാനത്തിൽ ആവശ്യമായ തിരുത്തലുകൾ വരുത്തിയും പുതിയ അപേക്ഷകരിൽ സീനിയർ ആയിട്ടുള്ള നേഴ്സിംഗ് ജീവനക്കാരെ പട്ടികയിൽ അർഹമായ സ്ഥാനത്ത് ഉൾപ്പെടുത്തിയും അന്തിമ മുൻഗണനാ പട്ടിക അംഗീകരിച്ച് ( അനുബന്ധം എ) ഉത്തരവാകുന്നു.

അന്തിമ സീനിയോറിറ്റി പട്ടികയിൽ ശ്രീ ലിജി.കെ.ജി യെ 98-ാം നമ്പർ ഉൾപ്പെടുത്തിയിട്ടുള്ളത് ടിയാൾ ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള ഒ.എ നംപർ 2259/2015 കേസിന്റെ ഉത്തരവിന് വിധേയമായിരിക്കും.

(ഒപ്പ്)

ഡോ: രമേഷ്. ആർ,

ആരോഗ്യ വകുപ്പ് ഡയറക്ടർ ഇൻചാർജ്ജ്.

/ അംഗീകാരത്തോടെ /

സൂപ്രണ്ട്.